പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1572 11.08.2017-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി യിൽ സിംഗിൾ ഡ്യൂട്ടി സംവിധാനം

**ചോദ്യം**

ശ്രീ. എ.പി. അനിൽ കുമാർ
" വി.ടി. ബൽറാം
" ഹൈബി ഈഡൻ
" അടൂർ പ്രകാശ്

**ഉത്തരം**

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി കണ്ടക്ടർമാർക്കും, ഡ്രൈവർമാർക്കും 2017 ജൂൺ 15 മുതൽ സിംഗിൾ ഡ്യൂട്ടി സംവിധാനം . ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | ഈ ക്രമീകരണം ഏർപ്പെടുത്തിയത് മൂലം കെ.എസ്.ആർ.ടി.സി. യുടെ ദിവസവരുമാനത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഡ്യൂട്ടി പുന:ക്രമീകരണം സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വരുമാന വർദ്ധനവ് സംബന്ധിച്ച കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല. |
| (സി) | സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിലാണോ പ്രസ്തുത ഡ്യൂട്ടി പരിഷ്കരണം നടപ്പിലാക്കിയത്; | (സി) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സിയെ പുനരുദ്ധരിക്കുന്നതിനായി പ്രൊഫ. സുശീൽ ഖന്ന നിർദ്ദേശിച്ച പ്രാഥമിക നിർദ്ദേശങ്ങളിൽ ഒന്നാണ് ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും, ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുകയും ചെയ്യുക എന്നത്. കൂടാതെ ബസ് |

| | | | |
|---|---|---|---|
| | | | സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയായ 5.5 നെക്കാൾ മെച്ചപ്പെടുത്തുന്നതിനും, 16 മണിക്കൂറിന് 2 ഡ്യൂട്ടി നിർണ്ണയിക്കുന്ന തരത്തിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച് തൊഴിലാളികളു മായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന റിയിക്കാമോ ? | (ഡി) | കെ.എസ്.ആർ.ടി.സിയിലെ അംഗീകൃത-രജിസ്റ്റേഡ് തൊഴിലാളി സംഘടനാ നേതാക്കളും, മാനേജ്മെന്റ് പ്രതിനിധികളുമായി 01.04.2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും, റിട്ടയേർഡ് പ്രൊഫ.സുശീൽ ഖന്ന സർക്കാരിലേക്ക് സമർപ്പിച്ച ശുപാർശകളിന്മേൽ ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഡ്യൂട്ടി പാറ്റേൺ ഏകീകരണം സംബന്ധിച്ച് 28.04.2017-ന് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ അംഗീകൃത തൊഴിലാളി സംഘടനകളുടെയും പ്രതിനിധികളുമായി ചർച്ച് നടത്തിയിട്ടുണ്ട്. മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം സംബന്ധിച്ച നടപടികൾ നടപ്പിലാക്കി വരുന്നത്. എല്ലാ തൊഴിലാളികളുമായും നേരിട്ട് ചർച്ച ചെയ്യണം എന്നത് പ്രായോഗികമല്ല. എന്നാൽ ഇത് സംബന്ധിച്ച് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ എല്ലാ തൊഴിലാളികളോടും നേരിട്ട് അഭ്യർത്ഥന നൽകിയിട്ടുണ്ട്. ഡ്യൂട്ടി പാറ്റേണിൽ വരുത്തിയ മാറ്റങ്ങളുമായി ബന്ധപ്പെട്ട് 02.5.2017 ൽ ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അംഗീകൃത തൊഴിലാളി സംഘടനാ നേതാക്കളുമായും, മാനേജ്മെന്റ് പ്രതിനിധികളുമായും ചർച്ച നടത്തുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**